**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2986** **14-02-2024 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു കൊണ്ട് 12.02.2021 ലെ സ.ഉ (കൈ) 57/2021/ആർ.ഡി ഉത്തരവ് പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾ കൂടി ഉൾപ്പെടുത്തി 18.08.2021 ലെ സ.ഉ (കൈ) 161/2021/ആർ.ഡി പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. ആയതുമായി ബന്ധപ്പെട്ട മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ചിരുന്ന അനോമലി പ്രൊപോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ 12.02.2024 ലെ സ.ഉ (കൈ) 41/2024/ആർ.ഡി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണം ഏത് വർഷം ഏത് മാസം മുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു കൊണ്ട് 12.02.2021 ലെ സ.ഉ (കൈ) 57/2021/ആർ.ഡി ഉത്തരവ് പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾ കൂടി ഉൾപ്പെടുത്തി 18.08.2021 ലെ സ.ഉ (കൈ) 161/2021/ആർ.ഡി പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. ആയതുമായി ബന്ധപ്പെട്ട മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ചിരുന്ന അനോമലി പ്രൊപോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ 12.02.2024 ലെ സ.ഉ (കൈ) 41/2024/ആർ.ഡി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ